പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 262 — 21.6.2012 ൽ മറുപടിയ്ക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ലൂഡി ലൂയിസ് :<br>ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.പാലോട് രവി : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) രജിസ്ട്രേഷൻ വകുപ്പിൽ വിഭാവനം ചെയ്തിരിക്കുന്ന ഓൺലൈൻ സംവിധാനത്തിന്റെ പരീക്ഷണ പരിപാടി അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജസ്ട്രാർ ഓഫീസിൽ, 01-09-2011 - ൽ പദ്ധതിക്ക് തുടക്കം കുറിക്കുകയും, തിരുവനന്തപുരം ജില്ലയിലെ മറ്റ് 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ കൂടി പദ്ധതിയുടെ പരീക്ഷണ പരിപാടി നടന്നുവരികയും ചെയ്യുന്നു. |
| (ബി) പ്രസ്തുത സംവിധാനം പ്രവർത്തന ക്ഷമമായിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. |
| (സി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത് ; | (സി) വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിലൂടെ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അതോടൊപ്പം തന്നെ, കേരളത്തിലെ രജിസ്ട്രേഷൻ സംബന്ധമായ ഏത് വിവരവും ക്രോഡീകരിച്ച രൂപത്തിൽ ഉടനടി ലഭിക്കുന്നതിനും ലക്ഷ്യമിടുന്നു. |

| | |
|---|---|
| (ഡി) എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കാമോ ; | (ഡി) തിരുവനന്തപുരം ജില്ലയിലെ 11 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി പരീക്ഷണ ഘട്ടത്തിലാണ്. |
| (ഇ) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ